**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1573** **08-10-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി തെങ്ങിൻതൈ ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഏഷ്യയിലെ തന്നെ ഏറ്റവും കൂടുതൽ വെളിച്ചെണ്ണ ലഭിക്കുന്ന കുറ്റ്യാടി തെങ്ങിൻതൈ മരുതോങ്കര, കാവിലുംപാറ , കായക്കൊടി എന്നീ ഗ്രാമ പഞ്ചായത്തുകളിൽ തന്നെ ഉല്പാദിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കാമോ? | (എ) | കോഴിക്കോട് കുറ്റ്യാടി മേഖലയിൽ നിന്നുമാണ് കൃഷി വകുപ്പ് ഏറ്റവും കൂടുതൽ WCT ഇനത്തിൽപ്പെട്ട വിത്തുതേങ്ങ സംഭരിയ്ക്കുന്നത്. ഇപ്രകാരം സംഭരിച്ച വിത്തുതേങ്ങ സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകി ഗുണമേന്മയുള്ള തെങ്ങിൻതൈകളാക്കി കർഷകർക്ക് വിതരണം നടത്തുന്നു. കോഴിക്കോട് ജില്ലയിൽ തിക്കൊടി കോക്കനട്ട് നഴ്സറി, കൂത്താളി ജില്ലാ കൃഷിത്തോട്ടം എന്നിവിടങ്ങളിലായി ഏകദേശം 1.5 ലക്ഷത്തോളം വിത്തു തേങ്ങയാണ് പ്രതിവർഷം പാകുന്നത്. കുറ്റ്യാടി മേഖലയിൽ നിന്നും ശേഖരിയ്ക്കുന്ന വിത്തുതേങ്ങ ജില്ലയിൽ തന്നെ പാകി തൈകളാക്കുന്നതിനായി കൃഷിവകുപ്പ് ഫാമുകളെ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കുറ്റ്യാടി മേഖലയിൽ നിന്നും സംഭരിക്കുന്ന വിത്തു തേങ്ങ മരുതോങ്കര, കാവിലുംപാറ , കായക്കൊടി എന്നീ പഞ്ചായത്തുകളിൽ പാകി തെങ്ങിൻ തൈ ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ